**Signature and Name of Invigilator**

1. (Signature) ______________________

   (Name) ______________________

2. (Signature) ______________________

   (Name) ______________________

**Answer Sheet No. :** ..............................................

(To be filled by the Candidate)

**Roll No.** | | | | | | | | |

(In figures as per admission card)

**Roll No.** ______________________

(In words)

**Test Booklet No.**

**D—2205**

**PAPER—II**

# MALAYALAM

**Time : 1¼ hours]** **[Maximum Marks : 100**

Number of Pages in this Booklet : **16** Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   - (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   - (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the question booklet will be replaced nor any extra time will be given.**
   - (iii) After this verification is over, the Serial No. of the booklet should be entered in the Answer-sheets and the Serial No. of Answer Sheet should be entered on this Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the oval as indicated below on the correct response against each item.

   **Example :** (A) (B) ● (D)

   where (C) is the correct response.
5. Your responses to the items are to be indicated in the Answer Sheet given **inside the Paper I booklet only**. If you mark at any place other than in the ovals in the Answer Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your name or put any mark on any part of the test booklet, except for the space allotted for the relevant entries, which may disclose your identity, you will render yourself liable to disqualification.
9. You have to return the test question booklet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is NO negative marking.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी। पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे जिसकी जाँच आपको अवश्य करनी है :
   - (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें। खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें।
   - (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं। दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें। इसके लिए आपको पाँच मिनट दिये जायेंगे। उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा।**
   - (iii) इस जाँच के बाद प्रश्न-पुस्तिका की क्रम संख्या उत्तर-पत्रक पर अंकित करें और उत्तर-पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं। आपको सही उत्तर के दीर्घवृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है।

   **उदाहरण :** (A) (B) ● (D)

   जबकि (C) सही उत्तर है।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये** उत्तर-पत्रक पर ही अंकित करने हैं। यदि आप उत्तर पत्रक पर दिये गये दीर्घवृत्त के अलावा किसी अन्य स्थान पर उत्तर चिन्हांकित करते है, तो उसका मूल्यांकन नहीं होगा।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें।
8. यदि आप उत्तर-पुस्तिका पर अपना नाम या ऐसा कोई भी निशान जिससे आपकी पहचान हो सके, किसी भी भाग पर दर्शाते या अंकित करते हैं तो परीक्षा के लिये अयोग्य घोषित कर दिये जायेंगे।
9. आपको परीक्षा समाप्त होने पर उत्तर-पुस्तिका निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद अपने साथ परीक्षा भवन से बाहर न लेकर जायें।
10. **केवल नीले/काले बाल प्वाईंट पैन का ही इस्तेमाल करें।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है।**
12. **गलत उत्तर के लिए अंक नहीं काटे जायेंगे।**

## MALAYALAM

## PAPER II

Note : ഈ ചോദ്യക്കടലാസിൽ അമ്പത് (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും രണ്ടു (2) മാർക്ക്. ഉത്തരക്കടലാസിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

1. താഴെ പറയുന്നവയിൽ ഇൻഡോ-യൂറോപ്യൻ ഗോത്രത്തിൽ ഉൾപ്പെടാത്ത ഭാഷ.
   (A) ഹിന്ദി (B) കൊങ്കിണി (C) സംസ്കൃതം (D) തുളു

2. ദ്രാവിഡ ഭാഷകളുടെ താരതമ്യവ്യാകരണം രചിച്ചവർ
   (A) കാൽഡ്വെൽ, കിറ്റൽ, ബറോ
   (B) കാൽഡ്വെൽ, ഷൂൾ ബ്ലോക്, ഗുണ്ടർട്ട്
   (C) കാൽഡ്വെൽ, ഷൂൾ ബ്ലോക്, കൃഷ്ണമൂർത്തി
   (D) കാൽഡ്വെൽ, ആൻഡ്രൊനോവ്, എൽ. വി. രാമസ്വാമി അയ്യർ

3. ദ്രാവിഡ ഭാഷകളുടെ നിരുക്തി നിഘണ്ടു നിർമ്മിച്ചവർ
   (A) എല്ലിസ്, കാൽഡ്വെൽ (B) ഗുണ്ടർട്ട്, കിറ്റൽ
   (C) എമനോ, ബറോ (D) എസ്. കെ. ചാറ്റർജി, കൃഷ്ണമൂർത്തി

4. രാമചരിതം ഒരു തമിഴു കൃതിയാണെന്നും അതിനെ മലയാളം എന്ന് വ്യവഹരിക്കുന്നതു ശരിയല്ലെന്നും പറഞ്ഞവരാണ്
   (I) പി. ഗോവിന്ദപ്പിള്ളയും ഉള്ളൂരും
   (II) ഗുണ്ടർട്ടും ഇളംകുളവും
   (III) കെ. ജി. ശേഷയ്യരും ടി. എ. ഗോപിനാഥറാവുവും
   (IV) എ. ആർ. രാജരാജവർമ്മയും ഗോദവർമ്മയും
   (A) I ശരി (B) II ശരി (C) III ശരി (D) I ഉം II ഉം ശരി

5. കണ്ണശ്ശന്മാരുടെ പ്രകടമായ സ്വാധീനമുള്ള കവി
   (A) എഴുത്തച്ഛൻ (B) ചെറുശ്ശേരി
   (C) കുഞ്ചൻ നമ്പ്യാർ (D) പുനം നമ്പൂതിരി

6. ദ്രമിഡസംഘാതാക്ഷര നിബദ്ധം എന്ന വ്യവസ്ഥ പാലിക്കുന്ന കൃതികൾ
   (I) രാമചരിതവും പയ്യന്നൂർ പാട്ടും
   (II) രാമചരിതവും തിരുനിഴൽ മാലയും
   (III) രാമചരിതവും രാമകഥപ്പാട്ടും
   (IV) രാമചരിതവും ബ്രഹ്മാണ്ഡപുരാണവും
   (A) I ശരി (B) II ശരി
   (C) III ഉം I ഉം ശരി (D) IV മാത്രം ശരി

7. കൃഷ്ണഗാഥയിലെ വൃത്തം

(I) ആദ്യവസാനം മഞ്ജരി

(II) മഞ്ജരിയും മറ്റു വൃത്തങ്ങളും തുല്യനിലയിൽ

(III) പ്രധാനപ്പെട്ട വൃത്തം മഞ്ജരി

(IV) ഗാഥാവൃത്തം

(A) I ഉം IV ഉം ശരി (B) I മാത്രം ശരി

(C) III മാത്രം ശരി (D) IV മാത്രം ശരി

8. വൈശിക തന്ത്രത്തെ ഒറ്റക്കാവ്യമായി പരിഗണിക്കാനാവില്ല എന്ന വാദത്തിന്റെ യുക്തി

(I) മൂലകൃതി കൈയെഴുത്തിൽ ഒറ്റപ്പാഠമായി ലഭിച്ചിട്ടില്ല

(II) ഒറ്റയൊറ്റ ശ്ലോകങ്ങൾ സമാഹരിച്ചുണ്ടാക്കിയതാണ് കൃതി

(III) ഏക വൃത്തത്തിൽ എഴുതിയതല്ല

(IV) കൈയെഴുത്തു പാഠങ്ങളൊന്നും ലഭിച്ചിട്ടില്ല

(A) I ഉം II ഉം ശരി (B) I ഉം III ഉം ശരി

(C) IV ശരി (D) I മാത്രം ശരി

9. ചേരുംപടി ചേർത്തെഴുതിയത് ഏത്?

(a) കാലിക്കാലിൽ തടവിന പൊടിച്ചാർത്തു കൊണ്ടാത്ത ശോഭം — (i) മേഘസന്ദേശം

(b) പാലിക്കാനായ് ഭുവനമഖിലം ഭൂതലേ ജാതനായ — (ii) ഉണ്ണുനീലിസന്ദേശം

(c) കശ്ചിൽ കാന്താ വിരഹ ഗുരുന്നാ സ്വാധികാരാൽ പ്രമത്ത: — (iii) മയൂരസന്ദേശം

(d) അപ്പാൽ നിന്റേ തവമതിലകം കാണലാം കാന്തിലക്ഷ്മീ — (iv) കോകസന്ദേശം

(v) ശുകസന്ദേശം

***Code :***

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (ii) | (i) | (iii) | (v) |
| (B) | (i) | (ii) | (iv) | (iii) |
| (C) | (i) | (ii) | (iii) | (iv) |
| (D) | (ii) | (iii) | (i) | (iv) |

10. 'വടക്കൻ പാട്ടുകൾ' എന്ന് ആദ്യം പ്രയോഗിച്ചത്

(A) ഗുണ്ടർട്ട് (B) ലോഗൻ

(C) പേഴ്സി മക്വീൻ (D) ചേലനാട്ട് അച്യുതമേനോൻ

11. ചെങ്ങന്നൂർ ആദിപ്പാട്ട് പ്രചാരത്തിലിരിക്കുന്നത്
   (A) മധ്യകേരളത്തിലെ പറയ സമുദായത്തിൽ
   (B) ചെങ്ങന്നൂരിലെ പുലയ സമുദായത്തിൽ
   (C) മധ്യകേരളത്തിലെ വിവധ സമുദായങ്ങളിൽ
   (D) കേരളത്തിൽ ഉടനീളം

12. കൂടിയാട്ടത്തിൽ 'തമിഴു പറയുക' എന്ന ഏർപ്പാട് എന്താണ് ?
   (A) തമിഴിൽ സംസാരിക്കുക
   (B) മലയാള ഭാഷയിൽ കഥാവർണനം നിർവഹിക്കുക
   (C) ഉപകഥ വർണിക്കുക
   (D) നമ്പ്യാർ തമിഴിൽ വർണനം നടത്തുക

13. എ. സി. ശേഖറുടെ Evolution of Malayalam എന്ന ഗവേഷണ പ്രബന്ധത്തിന്റെ വിഷയം
   (A) മലയാള ഗദ്യത്തിന്റെ വളർച്ച
   (B) മലയാള കാവ്യ ഭാഷയുടെ വളർച്ച
   (C) മലയാള ശാസനങ്ങളുടെ ഭാഷ
   (D) മലയാള ഭാഷയുടെ ഉദ്ഭവം

14. ജനക നരപതി വരമകൾക്കും ദശാസ്യനും
   ചെമ്മേ വിറച്ചിതു വാമഭാഗം തുലോം
   ജനക നരപതി ദുഹിതൃവരനു ദക്ഷാംഗവും
   ജാതനെന്നാകിൽ വരും സുഖം ദുഃഖവും

   ഈ വരികളിലെ അലങ്കാരം
   (A) ദൃഷ്ടാന്തം
   (B) ദീപകം
   (C) പ്രതിവസ്തൂപമ
   (D) ദീപകം, അർത്ഥാന്തരന്യാസം

15. എഴുത്തച്ഛന്റെ കൃതികളെക്കുറിച്ച് ഗവേഷണ പ്രബന്ധം രചിച്ചവർ
   (A) കെ. എൻ. എഴുത്തച്ഛനും കെ. എം. ജോർജ്ജും
   (B) ചേലനാട് അച്യുതമേനോനും എൻ. ആർ. ഗോപിനാഥപിള്ളയും
   (C) എ. ആർ. രാജരാജവർമ്മയും കെ. ഗോദവർമ്മയും
   (D) ഉള്ളൂരും ഇളംകുളവും

16. ''ഉണ്ണികൃഷ്ണൻ മനസ്സിൽ കളിക്കുമ്പോൾ
   ഉണ്ണികൾ മറ്റു വേണമോ മക്കളായ് ''
   എന്ന വരികൾ ഏതു കൃതിയിലുള്ളതാണ് ?
   (A) ജ്ഞാനപ്പാന
   (B) സന്താനഗോപാലം
   (C) ശ്രീ കൃഷ്ണ കർണ്ണാമൃതം
   (D) ശ്രീ കൃഷ്ണ ചരിതം മണിപ്രവാളം

17. കാലക്രമത്തിലെഴുതുക

(A) കാന്താരതാരകം, കൈരളി, രസിക കൗതുകം

(B) കാന്താരതാരകം, രസിക കൗതുകം, കൈരളി

(C) രസിക കൗതുകം, കാന്താരതാരകം, കൈരളി

(D) കൈരളി, രസിക കൗതുകം, കാന്താരതാരകം

18. ചേരുംപടി ചേർത്തെഴുതുക

| | | | |
|---|---|---|---|
| (a) | സുലളിത പദവിന്യാസം | (i) | താടകാവധം |
| (b) | മരത്തിനിടയിൽ കാണാമേ | (ii) | രാവണ വിജയം |
| (c) | ക്രന്ദം ക്രന്ദം രാമരാമേതിബാലാ | (iii) | നളചരിതം |
| (d) | നീല നിചോളേന നിഹ്നുതമെങ്കിലും | (iv) | ഉത്തരാസ്വയം വരം, |
| | | (v) | കാലകേയവധം |

| ***Code :*** | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (A) | (iv) | (i) | (iii) | (ii) |
| (B) | (iv) | (ii) | (i) | (iii) |
| (C) | (v) | (iii) | (i) | (ii) |
| (D) | (iv) | (iii) | (i) | (ii) |

19. ''ആദ്യം ചതുർത്ഥം ച ദാതും പുമർത്ഥ മൊ-

ന്നാസ്ഥയാ മറ്റതിങ്ങർത്ഥ കാമപ്രദം''

ഈ വരികൾ ഏതു കൃതിയിലേത് ?

(A) ഗിരിജാ കല്യാണം (B) ഹരിനാമ കീർത്തനം

(C) ശിവ രാത്രി മാഹാത്മ്യം (D) വിച്ഛിന്നാഭിഷേകം

20. 'കുഞ്ചൻ നമ്പ്യാർ വാക്കും സമൂഹവും' എന്ന ഗ്രന്ഥത്തിൽ അവലംബിക്കുന്ന മുഖ്യ സിദ്ധാന്തം

(A) ബാർത്തിന്റെ ഘടനാവാദം

(B) സൊസ്യൂറിന്റെ ഘടനാവാദം

(C) ബക്തിന്റെ ബഹുസ്വരതാവാദം

(D) ദരിദയുടെ അപനിർമ്മാണ സിദ്ധാന്തം

21. രചനാകാലമനുസരിച്ച് എഴുതുക

വർത്തമാനപ്പുസ്തകം, സംക്ഷേപവേദാർത്ഥം, ഉദയം പേരൂർ സുനഹദോസിലെ കാനോനകൾ, തമ്പുരാൻ വണക്കം

(A) വർത്തമാനപ്പുസ്തകം, തമ്പുരാൻ വണക്കം, ഉദയം പേരൂർ സുനഹദോസിലെ കാനോനകൾ, സംക്ഷേപവേദാർത്ഥം

(B) സംക്ഷേപവേദാർത്ഥം, തമ്പുരാൻ വണക്കം, ഉദയം പേരൂർ സുനഹദോസിലെ കാനോനകൾ, വർത്തമാനപ്പുസ്തകം

(C) തമ്പുരാൻ വണക്കം, ഉദയം പേരൂർ സുനഹദോസിലെ കാനോനകൾ, സംക്ഷേപവേദാർത്ഥം, വർത്തമാനപ്പുസ്തകം

(D) ഉദയം പേരൂർ സുനഹദോസിലെ കാനോനകൾ, സംക്ഷേപവേദാർത്ഥം, വർത്തമാനപ്പുസ്തകം, തമ്പുരാൻ വണക്കം

22. സാഹിത്യ പ്രധാനമായ ആനുകാലികം ഏത് ?

(A) പശ്ചിമ താരക (B) വിദ്യാവിനോദിനി

(C) കേരള പത്രിക (D) കേരള മിത്രം

23. ചേരുംപടി ചേർത്തെഴുതുക:

| | | | |
|---|---|---|---|
| (a) | മലയാളം-ഇംഗ്ലീഷ് നിഘണ്ടു | (i) | ഗുണ്ടർട്ട് |
| (b) | ഇംഗ്ലീഷ്-മലയാളം നിഘണ്ടു | (ii) | ജോസഫ് പീറ്റ് |
| (c) | മലയാളം-മലയാളം നിഘണ്ടു | (iii) | ബെയ്‌ലി |
| (d) | മലയാളം-പോർത്തുഗീസ് നിഘണ്ടു | (iv) | അർണ്ണോസ് പാതിരി |
| | | (v) | കോളിൻസ് |

| *Code :* | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (A) | (ii) | (i) | (iii) | (v) |
| (B) | (iii) | (v) | (ii) | (i) |
| (C) | (i) | (iii) | (v) | (iv) |
| (D) | (iv) | (i) | (ii) | (iii) |

24. ചേരുംപടി ചേർത്തെഴുതുക:

(a) കവനോദയം — (i) അയ്യപ്പപ്പണിക്കർ

(b) കേരള കവിത — (ii) കുമാരനാശാൻ

(c) വിവേകോദയം — (iii) ശങ്കരക്കുറുപ്പ്

(d) സമീക്ഷ — (iv) കടത്തനാട്ട് ഉദയവർമ്മ

(v) എം. ഗോവിന്ദൻ

| *Code :* | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (A) | (iv) | (i) | (ii) | (iii) |
| (B) | (i) | (ii) | (v) | (iv) |
| (C) | (ii) | (iii) | (v) | (iv) |
| (D) | (iv) | (i) | (ii) | (v) |

25. 'രാമചന്ദ്രവിലാസം' മഹാകാവ്യത്തിന്റെ അവതാരികാകാരൻ

(A) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ

(B) എ. ആർ. രാജരാജവർമ്മ

(C) ഉള്ളൂർ

(D) സാഹിത്യപഞ്ചാനനൻ

26. ''സംസ്കൃത ശബ്ദങ്ങളെ ധാരാളമായി പ്രയോഗിച്ചാൽ വാചകത്തിന് അധിക ഭംഗിയുണ്ടാകുമെന്നൊരു മിഥ്യയായ വിചാരം'' തനിക്കുണ്ടായിരുന്നുവെന്നും ''എന്നാൽ ഇപ്പോൾ ഞാനതിനെ തീരെ നിരസിച്ചിരിക്കുന്നു'' എന്നും പ്രസ്താവിച്ച ഗദ്യപരിപോഷകൻ.

(A) എ. ആർ. രാജരാജവർമ്മ

(B) കേരളവർമ്മ

(C) എം. പി. പോൾ

(D) മുണ്ടശ്ശേരി

27. കാലക്രമത്തിലെഴുതുക :

(A) കരുണ, പിംഗള, മഗ്ദലനമറിയം

(B) മഗ്ദലനമറിയം, കരുണ, പിംഗള

(C) പിംഗള, മഗ്ദലനമറിയം, കരുണ

(D) മഗ്ദലനമറിയം, പിംഗള, കരുണ

28. ' വീണപൂവ്' ആദ്യമായി പ്രസിദ്ധീകരിച്ചത് :

(A) മിതവാദി

(B) ഭാഷാപോഷിണി

(C) വിവേകോദയം

(D) കവനകൗമുദി

29. ചേരുംപടി ചേർത്തെഴുതുക:

| | | | |
|---|---|---|---|
| (a) | സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ<br>സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും | (i) | ഒളപ്പമണ്ണ |
| (b) | സ്നേഹത്തിൽ നിന്നില്ലല്ലോ മറ്റൊന്നും ലഭിച്ചീടാൻ<br>സ്നേഹത്തിൻ ഫലം സ്നേഹം<br>ജ്ഞാനത്തിൻ ഫലം ജ്ഞാനം | (ii) | ജി. ശങ്കരക്കുറുപ്പ് |
| (c) | വേദനിക്കിലും വേദനിപ്പിക്കിലും<br>വേണമീ സ്നേഹ ബന്ധങ്ങളൂഴിയിൽ | (iii) | ജി. കുമാരപിള്ള |
| (d) | എത്ര യാദൃച്ഛികം ജന്മവും സ്വത്വവും<br>സ്വത്വഭേദങ്ങളും ജന്മവും മൃത്യുവും | (iv) | വയലാർരാമവർമ്മ |
| | | (v) | ഒ. എൻ. വി. |

| ***Code :*** | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (A) | (iv) | (ii) | (v) | (iii) |
| (B) | (iv) | (v) | (i) | (ii) |
| (C) | (iv) | (iii) | (i) | (v) |
| (D) | (iv) | (i) | (ii) | (iii) |

30. സുഗതകുമാരിയുടെ കവിതകൾ

(A) കാളിയ മർദ്ദനം, അത്രമേൽ സ്നേഹിക്കയാൽ, ബീഹാർ

(B) കാളിയ മർദ്ദനം, പാവം മാനവ ഹൃദയം, നിശാഗന്ധി നീയെത്ര ധന്യ

(C) രാത്രിമഴ, അമ്പലമണി, ഗോപികാദണ്ഡകം

(D) രാധയെവിടെ, കൃഷ്ണനീയെന്നെയറിയില്ല, ഉപ്പ്

31. **കാര്യം :** ഭാഷാകൗടലീയം ക്ലിഷ്ടമാണ്

**കാരണം : I** അപരിചിത പദങ്ങളുടെ പ്രയോഗം

**II** ക്ലിഷ്ടമായ വാക്യഘടന

(A) കാര്യവും കാരണവും ശരിയാണ്

(B) കാര്യം ശരിയും കാരണം തെറ്റുമാണ്

(C) കാര്യം ശരിയും രണ്ടാമത്തെ കാരണം തെറ്റുമാണ്

(D) കാര്യം തെറ്റും കാരണം ശരിയുമാണ്.

32. ചേരുംപടി ചേർത്തെഴുതുക:

| | | | |
|---|---|---|---|
| (a) | എവിടെ ജോൺ | (i) | എൽ. എൻ. കക്കാട് |
| (b) | ആ പശുക്കുട്ടിയുടെ മരണം | (ii) | എം. എൻ. പാലൂര് |
| (c) | തീർത്ഥയാത്ര | (iii) | ബാലചന്ദ്രൻ ചുള്ളിക്കാട് |
| (d) | തീർത്ഥാടനം | (iv) | കടമ്മനിട്ട രാമകൃഷ്ണൻ |
| | | (v) | കെ. സച്ചിദാനന്ദൻ |

| ***Code :*** | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (A) | (iii) | (iv) | (ii) | (i) |
| (B) | (i) | (iii) | (iv) | (v) |
| (C) | (ii) | (iv) | (i) | (v) |
| (D) | (iv) | (i) | (ii) | (iii) |

33. ''സത്തിയം പലത്'' - ഏതു കൃതിയിൽ?

(A) കൊച്ചരേത്തി

(B) സ്മാരക ശിലകൾ

(C) ആലാഹയുടെ പെൺമക്കൾ

(D) ഖസാക്കിന്റെ ഇതിഹാസം

34. ചേരുംപടി ചേർത്തെഴുതുക:

| | | | |
|---|---|---|---|
| (a) | നോവൽ സാഹിത്യം | (i) | കെ. സുരേന്ദ്രൻ |
| (b) | നോവൽ സ്വരൂപം | (ii) | കെ. പി. അപ്പൻ |
| (c) | നോവൽ-സിദ്ധിയും സാധനയും | (iii) | എം. പി. പോൾ |
| (d) | മാറുന്ന മലയാള നോവൽ | (iv) | പി. കെ. ബാലകൃഷ്ണൻ |
| | | (v) | കെ. എം. തരകൻ |

| ***Code :*** | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (A) | (iii) | (i) | (iv) | (ii) |
| (B) | (iii) | (iv) | (i) | (ii) |
| (C) | (i) | (iii) | (iv) | (ii) |
| (D) | (ii) | (iii) | (iv) | (i) |

35. പുഡോവ്കിന്റെ വിഖ്യാതമായ 'ഫിലിം ടെക്നിക്' മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്

(A) അരവിന്ദൻ വല്ലച്ചിറ
(B) വിജയ കൃഷ്ണൻ
(C) എം. എ. റഹ്മാൻ
(D) എം. എം. വർക്കി

36. പാപത്തിന്റെ ശമ്പളം മരണമാണ് എന്ന ആശയം പ്രമേയമായി വരുന്ന സി. ജെ. നാടകം

(A) 1128 ൽ ക്രൈം 27
(B) അവൻ വീണ്ടും വരുന്നു
(C) ആ മനുഷ്യൻ നീ തന്നെ
(D) വിഷവൃക്ഷം

37. **കാര്യം :** തനതു ശാഖയിലെ നാടകങ്ങൾ ആവർത്തിച്ചുള്ള അവതരണങ്ങളിലൂടെ ജനപ്രിയമായില്ല.

**കാരണം :** പരമ്പരാഗത രംഗ ശൈലികളെ സ്വാംശീകരിക്കാൻ കഴിയാത്തതു കൊണ്ട്.

(A) കാര്യം ശരി, കാരണം തെറ്റ്

(B) കാര്യവും കാരണവും ശരി

(C) കാര്യം തെറ്റ്, കാരണം ശരി

(D) കാര്യം ശരി, കാരണം പൂർണ്ണമായും തെറ്റ്

38. ചേരുംപടി ചേർത്തെഴുതുക:

| | | | |
|---|---|---|---|
| (a) | ഉണ്ണി | (i) | ടി. പദ്മനാഭൻ |
| (b) | തിരുത്ത് | (ii) | എൻ. എസ് . മാധവൻ |
| (c) | ആർക്കറിയാം | (iii) | മാധവിക്കുട്ടി |
| (d) | ചെങ്ങന്നൂർ വണ്ടി | (iv) | സക്കറിയ |
| | | (v) | ഒ. വി. വിജയൻ |

| *Code :* | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (A) | (iii) | (ii) | (iv) | (v) |
| (B) | (i) | (iv) | (iii) | (ii) |
| (C) | (iv) | (iii) | (v) | (i) |
| (D) | (ii) | (i) | (iv) | (iii) |

39. ചേരുംപടി ചേർത്തെഴുതുക:

| | | | |
|---|---|---|---|
| (a) | ചിന്തയിലെ രൂപകങ്ങൾ | (i) | ആഷാ മേനോൻ |
| (b) | ഇസങ്ങൾക്കപ്പുറം | (ii) | പി. ഗോവിന്ദപ്പിള്ള |
| (c) | ഇസങ്ങൾക്കിപ്പുറം | (iii) | ഇ. എം. എസ്സ് |
| (d) | ജീവന്റെ കൈയൊപ്പ് | (iv) | എസ്. ഗുപ്തൻനായർ |
| | | (v) | വി. സി. ശ്രീജൻ |

| *Code :* | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (A) | (iii) | (i) | (iv) | (v) |
| (B) | (v) | (iv) | (ii) | (i) |
| (C) | (iv) | (ii) | (i) | (v) |
| (D) | (i) | (iv) | (v) | (iii) |

40. 'പുരുഷാന്തരങ്ങളിലൂടെ' ഏതു സാഹിത്യ വിഭാഗത്തിൽ പെടുന്നു?

(A) സഞ്ചാര സാഹിത്യം

(B) ജീവചരിത്രം

(C) ആത്മകഥ

(D) സാഹിത്യനിരൂപണം

41. 'സമത്വ വാദി' എന്ന നാടകം എഴുതിയ പുളിമാന പരമേശ്വരൻപിള്ള അറിയപ്പെടുന്ന ചെറുകഥാകൃത്തായിരുന്നു.

(A) പൂർണ്ണമായും ശരി

(B) നാടക കൃത്തായിരുന്നു, ചെറുകഥാകൃത്തല്ല

(C) ചെറുകഥാകൃത്തായിരുന്നു, നാടകകൃത്തല്ല

(D) ചെറുകഥാകൃത്തും നാടകകൃത്തുമായിരുന്നു. പക്ഷേ സമത്വവാദിയുടെ കർത്താവല്ല.

42. 'തിരുവിതാംകൂർ കഥകൾ' എഴുതിയത്

(A) വി. പി. ശിവകുമാർ

(B) സി. വി. കുഞ്ഞിരാമൻ

(C) വി. കെ. എൻ

(D) ഇ. വി. കൃഷ്ണപിള്ള

43. ചേരുംപടി ചേർത്തെഴുതുക:

| | | | |
|---|---|---|---|
| (a) | ഹോർത്തുസ് മലബിറക്കൂസ് | (i) | മദിരാശി സർവകലാശാല |
| (b) | ബാലഡ്സ് ഓഫ് നോർത്ത് മലബാർ | (ii) | കേരള സർവകലാശാല |
| (c) | മലയാള ഗ്രന്ഥ സൂചി | (iii) | സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ് |
| (d) | ഫോക്‌ലോർ നിഘണ്ടു | (iv) | കേരള സാഹിത്യ അക്കാദമി |
| | | (v) | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് |

| *Code :* | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (A) | (ii) | (i) | (iii) | (v) |
| (B) | (v) | (iv) | (iii) | (i) |
| (C) | (ii) | (v) | (iii) | (iv) |
| (D) | (ii) | (i) | (v) | (iii) |

44. **കാര്യം :** അച്ചടിയിലൂടെ പുറത്തുവന്ന ഒന്നാമത്തെ മലയാളപത്രം കോട്ടയത്തെ സി. എം. എസ് . പ്രസ്സിൽ നിന്നും 1848 നവംബറിൽ പ്രസിദ്ധപ്പെടുത്തിയ 'ജ്ഞാന നിക്ഷേപ'മാണ്.

**കാരണം :** 1847 -ൽ തലശ്ശേരിയിൽ നിന്നു പുറത്തു വന്ന 'രാജ്യസമാചാരം'കല്ലച്ചിൽ അടിച്ചെടുത്തതാണ്.

(A) കാര്യം ശരി, കാരണം തെറ്റാണ്

(B) കാര്യവും കാരണവും ശരി

(C) കാര്യം ഭാഗികമായി തെറ്റാണ്, ജ്ഞാന നിക്ഷേപം അച്ചടിച്ചത് 1847 ലാണ്.

(D) കാരണം ഭാഗികമായി തെറ്റാണ്, രാജ്യസമാചാരം തയ്യാറാക്കിയത് കല്ലച്ചിലല്ല.

45. 'നാടുഗദ്ദിക' എന്ന നാടകത്തിന്റെ പ്രമേയം

(A) ചൂഷണം ചെയ്യപ്പെടുന്ന കേരളീയ സ്ത്രീ ജീവിതം

(B) ചൂഷണം ചെയ്യപ്പെടുന്ന മലയോര കർഷകരുടെ ജീവിതം

(C) ചൂഷണം ചെയ്യപ്പെടുന്ന വയനാട്ടിലെ ആദിവാസികളുടെ ജീവിതം

(D) ചൂഷണം ചെയ്യപ്പെടുന്ന തൊഴിലാളികളുടെ ജീവിതം.

**താഴെ കൊടുത്തിട്ടുള്ള ലേഖന ഭാഗം വായിച്ച് തുടർന്നു വരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

ചാത്തനും സാവിത്രിയും തമ്മിലുള്ള ബന്ധത്തിൽ ജ്ഞാനപരമായ ആധികാരികത സാവിത്രിക്കാണ്. മാതംഗിയുടെ കാര്യത്തിൽ ബുദ്ധനാണ് അറിവിന്റെ സ്രോതസ്സ്.

നിഗമരത്നത്തിന്റെ മുമ്പിൽ യുക്തി-
വികലമാം പാമരവാണിപോലെ

എന്നാണ് ബുദ്ധന്റെ മുമ്പിൽ നിൽക്കുന്ന മാതംഗിയെപ്പറ്റി കവി പറയുന്നത്. അപ്പോൾ ചാത്തനെപ്പോലെ മാതംഗിയും അസംസ്കൃതയാണെന്നു വരുന്നു. വൈദികജ്ഞാനവും സാമാന്യജ്ഞാനവും തമ്മിലുള്ള അന്തരമാണ് ഇവിടെ ഉപമയ്ക്ക് ബീജമാകുന്നത്. നിഗമരത്നം-പാമരവാണി, അചലമാം ബോധം-അപ്രഗല്ഭവിചികിത്സ എന്നിങ്ങനെയുള്ള ദ്വന്ദ്വത്തിൽ ബുദ്ധനെയും ചണ്ഡാലികയെയും വേർതിരിക്കുന്നു. അറിവിന്റെ ഈ അധികാരത്തിന്നു മുമ്പിലാണ് മാതംഗി കീഴടങ്ങുന്നത്.

**ഉപരിവർഗമാന്യതയുടെ യുക്തി**

ചുരുക്കത്തിൽ, ജാതിവ്യവസ്ഥയ്ക്കെതിരായുള്ള ആശാന്റെ രണ്ടു കൃതികളും അതിന്റെ അഗാധപ്രത്യയശാസ്ത്രത്തിൽ കീഴാളന്റെ ജ്ഞാനവ്യവസ്ഥയെയും ജീവിതസങ്കല്പത്തെയും രണ്ടാം കിടയായി കാണുകയാണ്. ആധുനിക തലത്തിലേക്കുള്ള ചേർക്കപ്പെടൽ എന്നാൽ പ്രദേശിക - കീഴാളജീവിതസങ്കല്പത്തെ പിൻതള്ളി ഒരു പൊതുജ്ഞാനരീതിയിലേക്ക് ഐക്യപ്പെടുത്തലാണ്. ഇന്ത്യൻ ആധുനികതയ്ക്ക് ഒരു വശത്തുണ്ടായിരുന്ന സംസകൃതവത്ക്കരണത്തിന്റെ യുക്തിയെ നാരായണഗുരുവിൽ ആരംഭിക്കുന്ന പ്രസ്ഥാനം ഒരു പരിധി വരെ അംഗീകരിച്ചിരുന്നു. ഈ സ്വാംശീകരണം മറുതയെയും മാടനെയും മാറ്റി പകരം ഭാരതീയമായ മാനങ്ങളുള്ളു ദൈവങ്ങളെ പ്രതിഷ്ഠിക്കുന്നതിൽ കാണാം.

അക്ഷരമെന്തെന്നറിവീല ചാത്തനും
യക്ഷിയും പേയുമിവർക്ക് ദൈവം

എന്ന ആരോപണം ഈ യുക്തിയുടെതാണ്. യക്ഷിയും പേയും പിന്തള്ളപ്പെടുകയും പകരം അവിടെ കൃഷ്ണൻ കടന്നുവരികയും ചെയ്യുന്നു.

നിരക്ഷരത ആരോപിക്കപ്പെടുന്നതു വഴി, കീഴാളന്റെ പ്രത്യയശാസ്ത്രലോകത്തെയും സൗന്ദര്യബോധത്തെയും മേലാളന്റെ സൗന്ദര്യബോധത്താൽ മാറ്റി വയ്ക്കാനുള്ള യുക്തി ലഭിക്കുന്നു. വാമൊഴിയുടെ സംസ്കാരത്തിനും ആരാധനയ്ക്കുംമേൽ വരമൊഴിയുടെ

പ്രാമാണ്യം ഇവിടെ സ്വാഭാവികതയുടെ പരിവേഷം ധരിക്കുന്നു. കീഴാളന്റെ സംസ്കാരം അവന്റെ ശരീരം പോലെ മലിനമാണ്. അതിനാൻ ചാത്തനെ അവന്റെ ദൈവങ്ങളിൽനിന്നും സൗന്ദര്യബോധത്തിൽനിന്നും പ്രത്യയശാസ്ത്രത്തിൽ നിന്നും ശുദ്ധീകരിച്ചെടുത്തശേഷം മാത്രമേ സാവിത്രി സ്വീകരിക്കാൻ സന്നദ്ധയാവുന്നുള്ളു. ചാത്തനെ ശുദ്ധീകരിക്കാമെന്നുള്ളതാണ് സാവിത്രിയുടെ ദീർഘമായ ചിന്തനയിൽനിന്ന് അവൾക്ക് വെളിവാകുന്ന പോംവഴി. കീഴാളന്റെ സ്വത്വം ഇങ്ങനെ ശുദ്ധീകരിക്കപ്പെടാനുള്ളതാണ് എന്നത് നവോത്ഥാനയുക്തിയാണ്. സവർണന്റെ സൗന്ദര്യസങ്കല്പമാണ് മാതൃകാപരവും ശരിയായതുമായ സൗന്ദര്യസങ്കല്പമെന്നും അതിലേക്ക് ചേർക്കപ്പെടുന്നതോടെ കീഴാളൻ ഔന്നത്യത്തിലേക്ക് നീങ്ങുന്നുവെന്നും ഉള്ള കാഴ്ചപ്പാട് ഇവിടെയുണ്ട്. ആധുനികതയുടെ ഭാഗമായ ഹ്യൂമനിസത്തിന്റെ പരിമിതി ഇവിടെ പ്രകടമാവുന്നു. ഈ ഹ്യൂമനിസത്തിലെ മാതൃകാ മനുഷ്യന്റെ സൗന്ദര്യബോധം ഉപരിവർഗപരമാണ്.

ദുരവസ്ഥയിലെ ഈ യുക്തിയുടെതന്നെ മറ്റൊരു തലമാണ് ചണ്ഡാലഭിക്ഷുകിയിൽ ആനന്ദനോടുള്ള മാതംഗിയുടെ സ്നേഹത്തിന്റെ പരിണാമത്തിലുള്ളത്. അവളുടെ സ്നേഹം 'പാമരവാണി'യാണ്. ആഗ്രഹിക്കാനുള്ള ആധികാരികത ഇല്ലാതെപോയ ആശാന്റെ മറ്റൊരു നായിക കരുണയിലെ വാസവദത്ത മാത്രമാണ്. എന്നാൽ വേശ്യാത്വത്തിന്റെയും കുറ്റം ചെയ്യലിന്റെയും അശുദ്ധി അവിടെയുണ്ട്. മാതംഗിക്കാകട്ടെ അവളുടെ ജൻമപശ്ചാത്തലമാണ് നീചത്വം നല്കുന്നത്. സ്നേഹം 'തൃഷ്ണ'യാണെന്നും അത് കരുണയായി ശുദ്ധീകരിക്കപ്പെടണമെന്നും ഉള്ള കാഴ്ചപ്പാട് സ്നേഹിക്കുന്നവളുടെ വൈകാരികമായ ആധികാരികതയെ അംഗീകരിക്കാതിരിക്കലാണ്.

ഈ രണ്ടു കൃതികളിലെയും അടിസ്ഥാനയുക്തിയെ സവിശേഷമായ ഒരു ആലങ്കാരികതയിൽ ലയിപ്പിച്ചു ചേർക്കാം. അറിവിന്റെയും സൗന്ദര്യബോധത്തിന്റെയും ഉപരിവർഗപരമായ ഒരാകാശമാണ് യഥാർഥത്തിൽ 'മേൽലോക'മായി ഈ കൃതിയിൽ കാണുന്നത്; മറ്റേതു കീഴ്ലോകമാണ്. കീഴെയുള്ളവനെ മേലേക്ക് പിടിച്ചുയർത്തൽ എന്ന രൂപകത്തിൽ ഉപരിവർഗപ്രത്യയശാസ്ത്രമാണ് സ്വാഭാവികമായും ഉന്നതവും മൂല്യവത്തും എന്ന കാഴ്ചയുണ്ട്.

ശ്രേണീപരമായ ഒരു ഫ്യൂഡൽ ദ്വന്ദ്വമാണ് മൂല്യപരമായി ഈ മേൽ - കീഴ് സങ്കല്പത്തിലുള്ളത്. ആകാശത്തിന് ഭൂമിയുടെ മേലുള്ള സ്വാഭാവികമായ ഔന്നത്യവും പ്രാഥമ്യവും പോലെയാണ് മേലെയുള്ളവന്റെ ഉന്നതാവസ്ഥ. സാമൂഹ്യവും സാംസ്കാരികവുമായ, സവർണപ്രത്യയശാസ്ത്രപരമായ ഈ മേൽ യുക്തി പ്രാകൃതികമായി സൗന്ദര്യവത്കരിച്ച് (ആകാശം - ഭൂമി, മേൽ - കീഴ്) ഉദ്ഗ്രഥിക്കുന്നതു വഴിയാണ് കൃതിയുടെ അബോധത്തിലേക്ക് ഈ യുക്തി കയറിപ്പറ്റുന്നത്. വായനക്കാരന്റെ സൗന്ദര്യബോധത്തിലെ യാഥാസ്ഥിതിക വശത്തെ തൃപ്തിപ്പെടുത്തുകയും ബലപ്പെടുത്തുകയും ചെയ്യുന്നത്.

സംസ്കാരത്തിൽ ആർക്കാണ് സംസാരിക്കാൻ അവകാശമെന്നും ആരുടെ ശബ്ദമാണ് സ്വാഭാവികമെന്നും സംസ്കാരം നിർമിക്കുന്ന യുക്തിക്കുള്ളിൽ വെച്ചാണ് നിർണയിക്കപ്പെടുന്നത്. ഒരു സവിശേഷസംസ്കാരത്തിൽ അധീശത്വമുള്ള യുക്തിക്കു മുമ്പിൽ മറ്റു യുക്തികൾ നിശ്ശബ്ദമാവുന്നു. ആ യുക്തികൾ വഹിക്കുന്ന വർഗവും അവരുടെ സംസ്കാരവും അഗണ്യമാവുന്നു.

നവോത്ഥാനത്തിന്റെയും ആധുനികതയുടെയും യുക്തി, കഴിഞ്ഞ ഒരു നൂറ്റാണ്ടായി കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യപരിവർത്തനത്തിനു പിന്നിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇത് ഏതാനും നൂറ്റാണ്ടുകളായി കേരളത്തിലെ മാത്രമല്ല, ഇന്ത്യയിലെയും ലോകത്തിലെയും മനുഷ്യചിന്തയെ നയിച്ച യുക്തിയാണ്. ഈ യുക്തിയെ ഏതെങ്കിലും തരത്തിൽ സ്വീകരിച്ചവരാണ് മഹാചിന്തകരും മഹാസാഹിത്യകാരൻമാരും എല്ലാം. കേരളം ലോകത്തിന് സംഭാവന ചെയ്ത കുമാരാനാശാൻ എന്ന മഹാകവിയുടെ കൃതികളിലും ഈ യുക്തിയുടെ പൊതുതലം കാണാമെന്നതാണ് ഇതുവരെയുള്ള അവലോകനത്തിന്റെ പൊരുൾ. ജാതിവിരുദ്ധമായി ചിന്തിക്കുന്നതിൽ കേരളീയന് മാർഗദർശകമായ ആശാന്റെ ഈ കൃതികളിൽ അധീശത്വയുക്തിയുമായി ഏതൊക്കെയോ തലങ്ങളിൽ ഒത്തുതീർപ്പു നടന്നിട്ടുണ്ട് എന്നാണ് ഇതിനർഥം. സൗന്ദര്യബോധപരമായ ഈ ഒത്തുതീർപ്പാണ് ആ കാലഘട്ടത്തിൽ ഈ കൃതികൾ, വിപ്ലവകരവും വിധ്വംസകവുമായ ഘടകങ്ങൾ സ്വയം ഉൾക്കൊണ്ടിട്ടും, സൗന്ദര്യപരമായി വായനക്കാരന്റെ ശീലങ്ങളെ തൃപ്തിപ്പെടുത്തിയത്. അധീശസൗന്ദര്യ ബോധത്തെ തൃപ്തിപ്പെടുത്തുന്ന ഈ ഘടകങ്ങളാണ് ആധുനികതയുടെ യുക്തിയുമായി കൃതികളിൽ ലയിച്ചു ചേരുന്നത്. ഈ യുക്തി നൽകിയ മഹത്തായ നേട്ടങ്ങളെ അംഗീകരിച്ചുകൊണ്ടുതന്നെ, അതിലെ വംശീയവും വർണപരവും സാംസ്കാരികവുമായ അധീശത്വപ്രവണതകളെ തുറന്നു കാട്ടുന്നത് അറിവിന്റെ ജനാധിപത്യവത്ക്കരണം നടക്കുന്ന ഈ യുഗത്തിൽ അനിവാര്യമാണ്.

46. 'ഏതേതു ദ്വന്ദ്വത്തിലാണ് കവി ബുദ്ധനെയും ചണ്ഡാലികയെയും വേർതിരിക്കുന്നത്?

I നിഗമരത്നം

II അചലമാം ബോധം - അസംസ്കൃത മനിത്വം

III അപ്രഗല്ഭ വിചികിത്സ - തൃഷ്ണാ മോചനം

IV അചലമാം ബോധം - അപ്രഗല്ഭവിചികിത്സ

(A) I ഉം II ഉം ശരി (B) II മാത്രം ശരി

(C) I ഉം IV ഉം ശരി (D) IV മാത്രം ശരി

47. നവോത്ഥാന യുക്തിയായി ലേഖകൻ അവതരിപ്പിക്കുന്നതെന്ത് ?

(A) കീഴാളന്റെ സ്വത്വ ശുദ്ധീകരണം

(B) കീഴാളന്റെ ഔന്നത്യം

(C) കീഴാളനെ അവന്റെ ദൈവങ്ങളിൽ നിന്ന് മോചിപ്പിക്കൽ

(D) കീഴാളന് പുതിയ സൗന്ദര്യബോധം നൽകൽ

48. ആശാൻ കൃതികളിൽ കാണുന്ന 'മേൽലോകം'ഏത് ?

(A) അവശവർഗ്ഗത്തിന്റെ കീഴ് ലോകം

(B) കരുണയുടെ ലോകം

(C) അറിവിന്റെയും സൗന്ദര്യത്തിന്റെയും ഉപരിവർഗ്ഗപരമായ മേൽലോകം

(D) ഹ്യൂമനിസത്തിന്റെ ഉദാത്തലോകം

49. ആശാൻ കവിതകൾ സൗന്ദര്യപരമായി വായനക്കാരന്റെ ശീലങ്ങളെ തൃപ്തിപ്പെടുത്തിയതിന്റെ കാരണം?

(A) സാമൂഹിക പ്രശ്നങ്ങൾ പ്രമേയമാക്കി

(B) സ്നേഹത്തിന്റെ വിഭിന്ന തലങ്ങൾ ആവിഷ്ക്കരിച്ചു

(C) അധീശത്വ യുക്തിയുമായി സൗന്ദര്യപരമായ ഒത്തുതീർപ്പു നടത്തി

(D) സവിശേഷമായ ഒരു സ്ത്രീ സങ്കല്പം അവതരിപ്പിച്ചു

50. ഉദ്ധരിച്ച ഖണ്ഡത്തിൽ ലേഖകൻ ഊന്നൽ കൊടുക്കുന്നതെന്തിന് ?

I കീഴാള ശുദ്ധീകരണമെന്ന നവോത്ഥാന യുക്തി ആശാനെയും ഭരിച്ചിരുന്നു.

II ആശാന്റെ ജാതി വിരുദ്ധ ചിന്തകൾക്ക് കനക്കുറവുണ്ട്

III ആശാൻ കൃതികളുടെ ആസ്വാദനം

IV കൃതികളെ അംഗീകരിച്ചുകൊണ്ടുതന്നെ അധീശത്വ പ്രവണതകളെ തുറന്നു കാട്ടാനുള്ള ഒരു പുനർവായനയുടെ ആവശ്യകത.

(A) I ഉം II ഉം ശരി (B) II ഉം III ഉം ശരി

(C) I ഉം IV ഉം ശരി (D) III മാത്രം ശരി

- o O o -

**Space For Rough Work**